LIBRARY ARCHIVES Kerala Legislative Assembly

മിശ്രവിവാഹ ധനസഹായ ആനുകൂല്യം ലഭ്യമാകുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കുടിയ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖകൾ, വിവാഹ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് രേഖകൾ, ദമ്പതികളുടെ സഹവാസ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സമർപ്പിക്കേണ്ടതാണ്. പട്ടികജാതിയിൽപ്പെട്ട വ്യക്തി പട്ടികേതര ജാതിയിൽപ്പെട്ടവരെ വിവാഹം കഴിക്കുന്നപക്ഷം വീട്ടുകാരിൽനിന്നും സമൂഹത്തിൽനിന്നും നേരിടുന്ന ഒറ്റപ്പെടലുകൾ ഒഴിവാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി മിശ്രവിവാഹ ധനസഹായം അനുവദിച്ചുവരുന്നു.

(സി) ഈ ആനുകൂല്യത്തിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മിശ്രവിവാഹ ധനസഹായത്തിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്നും 108 അപേക്ഷകൾ ലഭിച്ചതിൽ 67 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഏത് തീയതി മുതലുള്ള അപേക്ഷകളിന്മേലാണ് ഇനിയും ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ ?

വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്കരണം

44(5491) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റിൽ വ്യക്തിഗത ആനുകൂല്യം ലഭ്യമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവരുടെയും ആനുകൂല്യം കൈപ്പറ്റിയവരുടെയും പേരുവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ് മുഖേന വ്യക്തിഗത ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെയും ആനുകൂല്യം കൈപ്പറ്റിയവരുടെയും പേരുവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റും ഫേസ് ബുക്ക് പേജും മറ്റ് സാമൂഹ്യ മാധ്യമങ്ങളിലെ അക്കൗണ്ടുകളും കാര്യക്ഷമമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്;

&

(സി) പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റും ഫേസ്ബുക്ക് പേജും മറ്റ് സാമൂഹ മാധ്യമങ്ങളിലെ അക്കൗണ്ടുകളും വഴി പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും ജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ, പുതിയ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, അറിയിപ്പുകൾ എന്നിവയെല്ലാം തന്നെ യഥാസമയം ഫേസ്ബുക്ക് മുഖേന അറിയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പുമായി ബന്ധപ്പെടാനുള്ള കോൺടാക്ട് ഡീറ്റെയിൽസ്, വിവിധ പദ്ധതികളുടെ ഓൺലൈൻ അപേക്ഷകൾ എന്നിവ ഉൾപ്പെടെ വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

അത്തർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വികസന ഓഫീസുകൾ മുഖേനയുള്ള ചികിത്സാസഹായ പദ്ധതി

45(5492) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തർ നിയോജകമണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി, പട്ടണക്കാട് പട്ടികജാതി വികസന ഓഫീസുകൾ മുഖേന കഴിഞ്ഞ വർഷം എത്ര പേർ ചികിത്സാസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2020-21-ൽ അത്തർ നിയോജകമണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ 66 അപേക്ഷകളും പട്ടണക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ 191 അപേക്ഷകളും ചികിത്സാ ധനസഹായത്തിനായി ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly